5. മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ

6. നിർമ്മാണ തൊഴിലുകളിൽ വിവിധ പരിശീലന പരിപാടികൾ

7. വനിതകൾക്ക് മാത്രമുള്ള ഹോളോ കോൺക്രീറ്റ് ബ്ലോക്ക് ഉല്പാദന യൂണിറ്റ്

8. പ്രശസ്ത വാസ്തുശില്പി ഡോ. ലാറിബേക്കറിന്റെ നാമധേയത്തിലുള്ള LBNTRI/അന്തർദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് (ലാബിഷാസ്) നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

(ബി & സി) ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയും ഇനി ചെലവഴിക്കാനുള്ള തുകയെ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. *

(ഡി & ഇ) ഓരോ പദ്ധതിക്കും ഓരോ ധനവർഷം വകയിരുത്തിയ തുകയും ബോർഡിനും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനും അനുവദിച്ച തുകയും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. *

(എഫ്) ഭവന നിർമ്മാണ ബോർഡ് പ്രസ്തുത കാലഘട്ടത്തിൽ താഴെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് :

1. എം.എൻ.ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി

2. സുരക്ഷാ ഭവന പദ്ധതി

3. ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം, പൂജപ്പുര, തൃക്കാക്കര

(ജി & എച്ച്) ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം പ്രകാരം എറണാകുളത്ത് തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും തിരുവനന്തപുരത്ത് 16 ഫ്ളാറ്റുകളും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ വകുപ്പിന്റേതല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്കുള്ള 1800 വീടുകളുടെ നിർമ്മാണം ഗുണഭോക്താക്കളുടെ സഹകരണത്തോടെ ഏറ്റെടുത്തതിൽ 1665 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. അതുപോലെ സുൽത്താൻബത്തേരിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായി 220 വീടുകളുടെ നിർമ്മാണവും സുനാമി പുനരധിവാസ ഭവന പദ്ധതിപ്രകാരം 2044 വീടുകളുടെ നിർമ്മാണം ബോർഡ് ഏറ്റെടുത്തതിൽ 189 വീടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

പള്ളുരുത്തിമണ്ഡലത്തിൽ ഭവന വായ്പ എഴുതിത്തള്ളപ്പെട്ടവരുടെ വിശദാംശം

122 (5825) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭവനനിർമ്മാണ ബോർഡിൽ നിന്ന് വായ്പ എടുത്തിട്ടുള്ള പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നുള്ള എത്രപേരുടെ വായ്പ എഴുതിതള്ളി എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എത്ര പേർ ആധാരം തിരികെ വാങ്ങി എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ പള്ളുരുത്തി നിയോജകമണ്ഡലം ഉൾപ്പെടുന്ന എറണാകുളം ജില്ലയിൽ ദുർബ്ബല വിഭാഗത്തിൽപ്പെട്ട 1490 പേരുടെ വായ്പ എഴുതിത്തള്ളി ആധാരങ്ങൾ തിരികെനൽകാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) 821 പേർ ആധാരം തിരികെ കൈപ്പറ്റിയിട്ടുണ്ട്.

ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

123 (5827) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ സെന്റർ എവിടെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത സെന്റർ ഏതൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) കേരളാ ഹാബിറ്റാറ്റ് സെന്റർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സർക്കാർ അനുവദിച്ച കവടിയാറിലെ ഭൂമി TRIDA-യുടെ 13-3-1996-ലെ നോട്ടിഫിക്കേഷൻ പ്രകാരം Conservation Zone ആയതിനാൽ നിർദ്ദിഷ്ട ഹാബിറ്റാറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമല്ല എന്ന Art & Heritage Commissioner-ടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ടി പദ്ധതി ആക്കുളത്ത് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചു. നിർദ്ദിഷ്ട ഹാബിറ്റാറ്റ് സെന്ററിനെക്കുറിച്ചുള്ള Feasibility Study നടത്തുന്നതിന് M/s. KPMG Advisory Services Ltd., Chennai എന്ന കമ്പനിയെ ബോർഡ് തെരഞ്ഞെടുത്തിട്ടുണ്ട്. ആക്കുളത്ത് തന്നെ ബോർഡിന്റെ കൈവശമുള്ള ഭൂമിക്ക് പകരമായി ബോർഡിന് മുമ്പ് കൈവശം തന്നതും എന്നാൽ Assignment നൽകിയിട്ടില്ലാത്തതുമായ 4.5 ഏക്കർ ഭൂമി ബോർഡിന് പതിച്ചു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ നിർദ്ദേശപ്രകാരമുള്ള സർക്കാർ ഭൂമി ആക്കുളത്ത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ന്യൂഡൽഹിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഹാബിറ്റാറ്റ് സെന്ററിന്റെ മാതൃകയിലുള്ളതായിരിക്കും തിരുവനന്തപുരത്ത് ആക്കുളത്ത് നിർമ്മിക്കാൻ വിഭാവന ചെയ്തിട്ടുള്ള ഹാബിറ്റാറ്റ് സെന്റർ. ഇവിടെ ദേശീയ അന്തർദേശീയ

LIBRARY ARCHIVES Kerala Legislative Assembly